# ദി ഡിഫെൻഡർ

Vol. No. 7 Issue No. 22 RNI Reg. No. 68089 / 97 Published From Perumbavoor 2004 NOVEMBER 16


# മാമ്മൻ രാജു സത്യം പറയുന്നു

മാമ്മൻ രാജു ഒടുവിൽ സത്യം പറഞ്ഞു: "ഞാൻ പെരുമ്പാവൂർ ശാരോൻ സഭയിലെ അംഗമല്ല". ഇത് ഒരു വർഷം മുൻപ് ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു. അടിയും കൊണ്ടു പുളിയും കുടിച്ചു, പിഴയും അടച്ചു എന്നു പറഞ്ഞതുപോലെയായി കാര്യങ്ങൾ. ഏതായാലും ഈ വൈകിയ വേളയിലെങ്കിലും ഈ ബുദ്ധി തോന്നിയത് എന്തുകൊണ്ടും നന്നായി.

മാമ്മൻ രാജുവിനെ ഡിഫെൻഡറിന്റെ വായനക്കാർക്ക് പരിചയപ്പെടുത്തേണ്ടതില്ല. ഏങ്കിലും എന്തു കാര്യത്തിലാണ് മാമ്മൻ രാജു ഇപ്പോൾ സത്യം പറഞ്ഞിരിക്കുന്നത് എന്ന് ചിലർക്കെങ്കിലും മനസ്സിലായില്ലെന്നു വരാം. അതുകൊണ്ട് ഈ വിഷയം സംബന്ധിച്ച് 2003 ഒക്ടോബർ ലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്ന വാർത്ത 7-ാം പേജിൽ പുന:പ്രസിദ്ധീകരിച്ചിരിക്കുന്നത് വായിക്കുക.

വേങ്ങൂർ ശാരോനിലെ പാസ്റ്ററായ മാമ്മൻ രാജുവും വാരിക്കാട് ശാരോനിലെ പാസ്റ്ററായ ഷാജി സെബാസ്റ്റ്യനും പെരുമ്പാവൂർ ശാരോനിലെ അംഗങ്ങളാണെന്നും അവർ ശാരോൻ നേതാക്കൻമാർക്കെതിരെ കേസ്സ് കൊടുക്കാൻ പെരുമ്പാവൂർ ശാരോൻ സഭയിലെ വിശ്വാസികളെ പ്രേരിപ്പിക്കുന്നു എന്നും ശാരോൻ ഫെലോഷിപ്പിന്റെ മാനേജിംഗ് കൗൺസിൽ സെക്രട്ടറിയായ പി.ജി.ജേക്കബ് തിരുവല്ല മുൻസിഫ് കോടതിയിൽ എഴുതി കൊടുക്കുകയും കാവിയറ്റ് എടുക്കുകയും ചെയ്തു. ഇതേപ്പറ്റി വിശദീകരണം ചോദിച്ച് പെരുമ്പാവൂർ ശാരോൻ സഭ മാമ്മൻ രാജുവിന് കഴിഞ്ഞ വർഷം അയച്ച രജിസ്റ്റേഡ് നോട്ടീസിനുള്ള മറുപടിയാണ് ഈ വൈകിയ വേളയിൽ തന്നിരിക്കുന്നത്. പ്രസക്ത ഭാഗങ്ങൾ:

"കർത്താവിൽ പ്രിയ പെരുമ്പാവൂർ ശാരോൻ ചർച്ചിന് യേശുക്രിസ്തുവിന്റെ നാമത്തിൽ വന്ദനം. വേങ്ങൂർ ശാരോൻ ചർച്ച് സഭാശുശ്രൂഷകൻ പാസ്റ്റർ മാമ്മൻ രാജു എഴുതുന്നത്.

"ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ മാനേജിംഗ് കൗൺസിൽ സെക്രട്ടറി പാ.പി.ജി.ജേക്കബ് തിരുവല്ലാ മുൻസിഫ് കോടതിയിൽ നിന്ന് എടുത്തിട്ടുള്ള കാവിയറ്റിൽ ഞാൻ ശാരോൻ ഫെലോഷിപ്പ് ചർച്ച് പെരുമ്പാവൂർ സഭയിലെ അംഗമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് പെരുമ്പാവൂർ സഭ എനിക്ക് ഒരു കത്ത് ചില മാസങ്ങൾക്കു മുൻപ് തന്നിരുന്നല്ലോ. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത കത്തിന് മറുപടി തരുവാൻ കഴിഞ്ഞില്ല. അതിൽ ഖേദിക്കുന്നു. ഞാൻ പെരുമ്പാവൂർ ശാരോൻ സഭയിലെ അംഗമല്ലെന്നുള്ള വസ്തുത ഈ കത്തിൽക്കൂടെ അറിയിക്കുന്നു.

പ്രാർത്ഥനയോടെ
പാസ്റ്റർ മാമ്മൻ രാജു (9-11-4)"

# പി.ജി.ജേക്കബ്ബ് രാജി വെയ്ക്കണം

ഭോഷ്ക്കു പറയുന്നവൻ പിശാചിന്റെ മകൻ എന്ന് ബൈബിൾ പറയുന്നു. അങ്ങനെയെങ്കിൽ കോടതിയിൽ മന:പൂർവ്വം പച്ചക്കളളം എഴുതി കൊടുത്ത പി.ജി.ജേക്കബ്ബ് സാത്താന്റെ സന്തതിയാണെന്നതിന് സംശയമില്ല. അത്തരത്തിലുള്ള ഒരാൾക്ക് ശാരോൻ ഫെലോഷിപ്പിന്റെ മാനേജിംഗ് കൗൺസിൽ സെക്രട്ടറി ആയിരിക്കാൻ യോഗ്യതയില്ല. അതുകൊണ്ട് പി.ജി.ജേക്കബ് എന്ന നാശയോഗ്യൻ ശാരോനിലെ ഔദ്യോഗിക പദവികളെല്ലാം രാജിവെച്ച് പുറത്തു പോകണം.

ശാരോനിലെ പ്രധാന നേതാക്കൻമാരെല്ലാം സാത്താന്റെ ദാസൻമാരാണെന്ന വസ്തുത ലോകം അറിഞ്ഞതാണ്. പക്ഷേ പി.ജി.ജേക്കബ് ആ ഗ്രൂപ്പിൽ ഇല്ലെന്ന ധാരണയിലാണ് നാളിതുവരെ അദ്ദേഹത്തെ ഡിഫെൻഡർ വെറുതെ വിട്ടത്. പക്ഷേ, ഇതര നേതാക്കൻമാരേപ്പോലെ പി.ജി.ജേക്കബ്ബും സാത്താന്റെ ദാസനാണെന്ന് തെളിഞ്ഞിരിക്കയാൽ ഇനി ഡിഫെൻഡർ പി.ജി.ജേക്കബ്ബിനേയും വിമർശിക്കും.

വലിയ അധികാര മോഹമൊന്നും കൂടാതെ അടുത്ത കാലം വരെ ജീവിച്ചിരുന്ന പി.ജി. ജേക്കബ്ബ് എങ്ങനെ അധികാര മോഹിയായി എന്ന് അറിഞ്ഞുകൂടാ. ടി.ജി.കോശിയുടേയും ടി.പി.ഏബ്രഹാമിന്റേയും ആജ്ഞാനുവർത്തിയായി ഒരു പട്ടിയേപ്പോലെ അവരുടെ മുൻപിൽ വാലാട്ടി നിൽക്കാൻ ഈ മനുഷ്യന് ഇപ്പോൾ അല്പം പോലും ലജ്ജ തോന്നുന്നില്ല. അവർ ചൂണ്ടിക്കാണിക്കുന്നിടത്തെല്ലാം ഒപ്പിടും. എതിർത്ത് ഒരു വാക്കുപോലും ഉരിയാടുകയില്ല.

മാമ്മൻ രാജുവും ഷാജി സെബാസ്റ്റ്യനും പെരുമ്പാവൂർ ശാരോൻ സഭയിലെ അംഗങ്ങളാണെന്ന ശുദ്ധ ഭോഷ്ക്ക് കോടതിയിൽ എഴുതി കൊടുക്കാൻ ടി.പി.ഏബ്രഹാമും ടി.ജി.കോശിയും ആവശ്യപ്പെട്ടപ്പോൾ ഈ വാലാട്ടി രണ്ടുവട്ടം ആലോചിക്കാതെ ഒപ്പിട്ടു കൊടുത്തു. പെൺകോന്തൻ എന്നൊക്കെ കേട്ടിട്ടുണ്ട്. പക്ഷേ ഈ കോന്തനെ എന്തു വിളിക്കണം എന്ന് അറിഞ്ഞുകൂടാ.

ശാരോൻ നേതൃത്വം സാത്താന്റെ പിടിയിലായിട്ട് കാലം കുറെ ആയി. ഗർഭഛിദ്രം വരെ നടത്തിയ ടി.ജി.കോശി പ്രസിഡന്റായതോടെ ശാരോന്റെ അധ:പതനം ആരംഭിച്ചു. മുട്ടയിൽ നിന്നും വിരിയുംമുൻപേ ദുർന്നടപ്പ് ആരംഭിച്ച മക്കളെ വിശുദ്ധിയുടെ മേലാട ചാർത്തി പരിരക്ഷിക്കുന്ന ടി.പി.ഏബ്രഹാം മിനിസ്റ്റേഴ്സ് കൗൺസിൽ സെക്രട്ടറി ആയിരിക്കുന്ന ശാരോന് ഉയരാൻ കഴിയുന്നതെങ്ങനെ?

വ്യഭിചാരം തൊഴിലാക്കിയ സി.വി.ജോൺ വർഷങ്ങളായി ശാരോന്റെ നേതൃത്വത്തിലുണ്ട്. ഈ നീചനെതിരെ ശാരോൻ നേതൃത്വം ഒരു നടപടിയും എടുത്തിട്ടില്ല. ഇപ്പോൾ സ്വന്തം മകളെ ഇയാൾ ഭാര്യയാക്കി വെച്ചിരിക്കയുമാണ്. ശാരോനിലെ സെക്രട്ടറിയാണെന്ന് പറയപ്പെടുന്ന പി.എം.ജോണിന്റെ കഥ പറയുകയും വേണ്ട. ഇവരുടെ ഇടയിൽ ആത്മീയ വിശുദ്ധി കാത്തു സൂക്ഷിച്ചുകൊണ്ട് നിൽക്കുന്ന ആളെന്ന പരിവേഷമാണ് നാളിതുവരെ പി.ജി.ജേക്കബ്ബിനുണ്ടായിരുന്നത്. പക്ഷേ, ആ ധാരണയാണ് മാമ്മൻ രാജുവിന്റെ വെളിപ്പെടുത്തലോടെ ഇല്ലാതായിരിക്കുന്നത്.

പി.ജി.ജേക്കബ്ബെന്ന ഭോഷ്ക്കിന്റെ പുത്രന്റെ മുൻപിൽ ഇനി രണ്ടു വഴികളുണ്ട്. ശാരോനിലെ ഔദ്യോഗിക പദവികളെല്ലാം വിട്ട് പുറത്തുപോകുക. അതിന് തയ്യാറല്ലെങ്കിൽ ഫലം അനുഭവിക്കുക.

# പോൾ ഗോപാലകൃഷ്ണനെതിരെ പ്രതിഷേധം ശക്തം

പോൾ ഗോപാലകൃഷ്ണനെന്ന വ്യാജ സുവിശേഷകനെതിരെ ദൈവമക്കളുടെ പ്രതിഷേധം ശക്തമാകുന്നു. തട്ടിപ്പുമായി മുൻപോട്ടു പോകാൻ ഇനി അനുവദിക്കില്ലെന്ന തീരുമാനത്തിലാണ് മുണ്ടിയപ്പളളിയിലെ ദൈവജനം.

തന്റെ കീഴിലുള്ള ജനത്തെ പറഞ്ഞു മയക്കി പാട്ടിൽ നിർത്താനുള്ള കഴിവ് പോളിനുണ്ട്. ഇയാൾ നടത്തുന്ന ഗിരിപ്രഭാഷണം കേട്ടാൽ ഇന്ന് ഭൂമിയിൽ ജീവിച്ചിരിക്കുന്ന ഏറ്റവും വലിയ വിശുദ്ധൻ പോൾ ഗോപാലകൃഷ്ണനാണെന്ന് തോന്നും. പക്ഷേ, ചെകുത്താന്റെ ഹൃദയമുള്ള പുണ്യാളനാണ് ഇയാൾ എന്ന വസ്തുത ദു:ഖത്തോടെ അറിയക്കട്ടെ.

അങ്ങേയറ്റം സ്നേഹത്തിൽ കഴിഞ്ഞിരുന്ന മുണ്ടിയപ്പളളിയിലെ ദൈവമക്കളെ ഈ നീചൻ തമ്മിൽ തല്ലിച്ചു. കണ്ടാൽ മിണ്ടാത്തത്ര ശത്രുതയിലാണ് ഇവർ ഇപ്പോൾ കഴിയുന്നത്. സ്വന്തം കസേര ഉലകമുള്ള കാലത്തോളം നിലനിർത്താനുള്ള തന്ത്രമാണിതെന്ന് മുണ്ടിയപ്പളളിയിലെ ഭൂരിപക്ഷം ദൈവമക്കൾക്കും അറിഞ്ഞുകൂടാ.

അടുത്ത കാലം വരെ ഒരേ അപ്പത്തിന്റെ അംശികളായിരുന്ന മുണ്ടിയപ്പളളിയിലെ ദൈവമക്കൾ ഇപ്പോൾ അന്യോന്യം കടിച്ചു കീറുന്ന സ്ഥിതിയിലാണ്. എല്ലാ യോഗങ്ങളിലും പോൾ ഗോപാലകൃഷ്ണൻ എരിതീയിൽ എണ്ണ ഒഴിക്കുന്ന വിധത്തിലുള്ള പ്രസംഗങ്ങൾ നടത്തുകയുമാണ്. പോൾ ഗോപാലകൃഷ്ണനെ ദൈവത്തിന്റെ അവതാരമായി കണക്കാകുന്ന വിഡ്ഢികൾക്ക് വിവേചനത്തിനുള്ള കഴിവുപോലും നഷ്ടപ്പെട്ടിരിക്കയുമാണ്. എന്തും സംഭവിക്കാമെന്ന സ്ഥിതിയാണ് ഇപ്പോൾ മുണ്ടിയപ്പളളിയിലുള്ളത്.

കഴിഞ്ഞ ശാരോൻ കൺവെൻഷനിൽ പോൾ ഗോപാലകൃഷ്ണൻ ഒരു ശക്തിപ്രകടനം നടത്തുകയുണ്ടായി. മുണ്ടിയപ്പളളി സഭയിലെ വിശ്വാസികളെ സ്റ്റേജിൽ കയറ്റി പാട്ടു പാടിച്ചായിരുന്നു ഈ കലാപരിപാടി. ഇത്തവണ പോൾ ഗോപാലകൃഷ്ണനെ ശാരോൻ കൺവെൻഷനിൽ പ്രസംഗിക്കാൻ അനുവദിക്കയില്ല എന്ന നിലപാടിലാണ് ശാരോൻ വിശ്വാസികളിൽ നല്ലൊരു പങ്ക്. ശാരോൻ കൺവെൻഷൻ അലങ്കോലമാകുന്നത് കാണാൻ ആഗ്രഹമില്ലെങ്കിൽ പോൾ ഗോപാലകൃഷ്ണനെ പ്രസംഗിക്കാൻ സ്റ്റേജിൽ കയറ്ററുതെന്നാണ് നല്ലൊരുപങ്ക് ശാരോൻ വിശ്വാസികളും ആവശ്യപ്പെടുന്നത്.

പോൾ ഗോപാലകൃഷ്ണൻ ദൈവദാസനല്ല എന്ന് വ്യക്തമായിരിക്കയാൽ ഈ നീചൻ സുവിശഷപ്രസംഗം നടത്തി ജനവഞ്ചന നടത്തുന്നതിനെതിരെ പ്രചരണം നടത്താൻ ഡിഫെൻഡർ തീരുമാനിച്ചിരിക്കയാണ്. ഈ കൺവെൻഷൻ സീസണിൽ പോൾ ഗോപാലകൃഷ്ണൻ പ്രസംഗിക്കുന്നിടത്തെല്ലാം ഇദ്ദേഹത്തിന്റെ ഫോട്ടോ സഹിതം സപ്ലിമെന്റ് വിതരണം നടത്തുന്നതാണ്.


## മൾട്ടി കളർ വിസിറ്റിംഗ് കാർഡുകൾ കുറഞ്ഞ ചെലവിൽ അടിക്കാം

**പ്രത്യേകതകൾ**

1. നിങ്ങൾക്ക് ഇഷ്ടമുള്ള എല്ലാ നിറങ്ങളും ഉൾപ്പെടുത്താം.
2. നിങ്ങളുടെ എംബ്ലവും കളർ ഫോട്ടോയും ചേർക്കാം.
3. സാധാരണക്കാർക്കുപോലും താങ്ങാവുന്നത്ര കുറഞ്ഞ ചെലവ്.
4. ഓഫ്സെറ്റ് പ്രിന്റിംഗ്.
5. ഡിസൈനിംഗ് സൗജന്യം.

**കാർഡുകൾ പ്രിന്റ് ചെയ്ത് ഇന്ത്യയിൽ എല്ലായിടത്തും എത്തിച്ചുതരുന്നതാണ്.**

കൂടുതൽ വിവരങ്ങൾക്ക്
ഫോൺ: 94474 14608

**പെരുമ്പാവൂർ പ്രിന്റേഴ്സ്**

ബെസ്റ്റ് കോംപ്ലക്സ്,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം
പെരുമ്പാവൂർ.

ദി ഡിഫെൻഡർ

**Vol. No.7 Issue No. 22 2004 November 16**

# ഇത് കേരളമാണ്

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും കുഞ്ഞാലിക്കുട്ടി അടക്കമുള്ള മറ്റ് മന്ത്രിമാരും "കേരള സംസ്ഥാനത്തിന്റെ മന്ത്രിമാർ" എന്ന് വ്യക്തമായി പറഞ്ഞ് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റവരാണ്. പക്ഷേ, ലാലൂ പ്രസാദ് യാദവിന്റെ ബീഹാറിലാണ് തങ്ങൾ എന്ന് ഇവരൊക്കെ തെറ്റിദ്ധരിച്ചിട്ടുണ്ടോ എന്ന് ഈ ദിവസങ്ങളിൽ നടക്കുന്ന സംഭവങ്ങൾ സംശയം ജനിപ്പിക്കുന്നു.

കാലിത്തീറ്റവരെ കട്ടുതിന്ന ലാലൂ പ്രസാദ് യാദവിന് പ്രസവവും ബാക്കിയുള്ള സമയം ചപ്പാത്തി പരത്തുമായി കഴിഞ്ഞിരുന്ന വാമഭാഗത്തെ ബീഹാറിന്റെ മുഖ്യമന്ത്രിയായി അവരോധിക്കാൻ ബുദ്ധിമുട്ടേണ്ടതായി വന്നില്ല. പക്ഷേ, സാക്ഷരകേരളത്തിൽ ഇത്തരമൊരു സംഭവം നടത്താമെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അത് കേവലം സ്വപ്നം മാത്രമായിരിക്കും എന്ന് അറിഞ്ഞിരുന്നാൽ നന്ന്.

വർഷങ്ങൾക്കു മുൻപു നടന്ന ആത്മഹത്യാശ്രമത്തിന്റെ പേരിൽ നടത്തിയ അറസ്റ്റ് അത്യുഗ്രനായിരിക്കുന്നു എന്നു പറയാതെ വയ്യ. ഉമ്മൻ ചാണ്ടിയുടെ പോലീസിന്റെ ഈ ശുഷ്ക്കാന്തി ഏവരും കണ്ണുതുറന്ന് കാണണം. വീണ്ടുമൊരു മൊഴിമാറ്റൽകൂടി ആയപ്പോൾ സംഭവം കലക്കി. എട്ടും പൊട്ടും തിരിച്ചറിയാത്ത ഒരു പത്തുവയസ്സുകാരനെ കളളക്കേസിൽ കുടുക്കാനും ഈ പോലീസിന് മടിയുണ്ടായില്ല. ഈ ശുഷ്ക്കാന്തിയൊക്കെ നമ്മുടെ പോലീസുകാർ ഇത്രക്കാലവും എവിടെ ഒളിപ്പിച്ചു വെച്ചിരുന്നു എന്നേ ഇനി അറിയേണ്ടതുള്ളു.

അന്വേഷണം എന്നു കേൾക്കുമ്പോൾ എന്തിനാണാവോ മന്ത്രിപുംഗവന് വേവലാതി. താൻ തെറ്റുകാരനല്ലെങ്കിൽ ഏത് അന്വേഷണത്തേയും ഭയം കൂടാതെ നേരിടാമല്ലോ. കുറ്റവാളിയെന്ന് സംശയാതീതമായി തെളിയിക്കപ്പെടാതെ ഒരു കോടതിയും പ്രതിയെ ശിക്ഷിക്കുകയുമില്ല. എന്നിട്ടും മന്ത്രിക്ക് പേടി. അതിന്റെ കാരണം മനസ്സിലാക്കാൻ സാമാന്യ ബുദ്ധിമതി.

ഈ പ്രശ്നത്തിൽ ശരിക്കും വെട്ടിലായിരിക്കുന്നത് ഉമ്മൻ ചാണ്ടിയാണ്. കുഞ്ഞാലിക്കുട്ടിയെ പുറത്താക്കാൻ ശ്രമിച്ചാൽ ലീഗ് പിണങ്ങും. അതോടെ ഉമ്മൻ ചാണ്ടി മുൻ മുഖ്യമന്ത്രിയാകും. ഒരു നടപടിയും എടുക്കില്ല എന്നു പറഞ്ഞുകൊണ്ട് എത്രക്കാലം പിടിച്ചു നിൽക്കാൻ കഴിയും? സ്വന്തം പാർട്ടിക്കാർ വരെ പരസ്യ പ്രസ്താവനകളുമായി രംഗത്തു വന്നു കഴിഞ്ഞു. ഹൈക്കമാന്റ് ശാസിച്ചെന്ന വാർത്ത ശരിയാണെന്നു പറയാനാവില്ലെന്നില്ലെന്നില്ല എന്നൊക്കെ വളച്ചുകെട്ടി പറയുന്നുണ്ടെങ്കിലും സത്യം ഏവർക്കും അറിയാം. പ്രതിപക്ഷ കക്ഷികൾക്ക് സർക്കാരിനെ തല്ലാൻ ഒന്നാംതരം ഒരു വടി കിട്ടിയിരിക്കയാണ്. അവർ അത് ശരിക്കും ഉപയോഗിക്കുന്നുമുണ്ട്.

മാദ്ധ്യമങ്ങളെ അടിച്ചൊതുക്കിയും സാക്ഷികളെ കളളക്കേസിൽ കുടുക്കിയും രക്ഷപ്പെടാമെന്നാണ് കരുതുന്നതെങ്കിൽ അത് അതിമോഹമാണ്. കാരണം, കേരളത്തിലെ ജനങ്ങൾ അത്ര വിഡ്ഢികളല്ല. സത്യത്തെ കുഴിച്ചു മൂടിയാൽ മൂന്നാം ദിവസം ഉയിർപ്പുണ്ടാകും എന്ന് ഉമ്മൻ ചാണ്ടിയും കൂട്ടരും അറിഞ്ഞിരിക്കണം.

## ഡിഫെൻഡർ ലഭിക്കുവാൻ എന്തുചെയ്യണം?

മാസത്തിൽ ഒരിക്കൽ നാലുപേജ് പ്രസിദ്ധീകരിച്ചിരുന്നപ്പോൾ ഡിഫെൻഡർ സൗജന്യമായി കൊടുക്കാൻ കഴിയുമായിരുന്നു. പക്ഷേ, ഇപ്പോൾ ഡിഫെൻഡർ ദ്വൈവാരികയാണ്. അതുകൊണ്ട് ഉല്പാദനച്ചെലവ് വളരെ വർദ്ധിച്ചു. ആകയാൽ വരിസംഖ്യ നൽകാത്തവർക്ക് ഡിഫെൻഡർ ലഭിക്കുന്നതല്ല. ഇപ്പോൾ സാമ്പിൾ കോപ്പി ലഭിക്കുന്നവരും വരിസംഖ്യ പുതുക്കുന്നവരും ഈ മാസം 25ന് അകമായി വരിസംഖ്യ അയച്ചുതരിക. മണിയോർഡർ അയക്കുന്നതാണ് സൗകര്യം. ചെക്ക്, ഡ്രാഫ്റ്റ്, വിദേശ മണിയോർഡർ തുടങ്ങിയവ **T.S.Balan** എന്ന പേരിൽ, പെരുമ്പാവൂരിൽ മാറത്തക്കവിധം എടുത്ത് അയച്ചു തരിക.

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ : 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:

എഡിറ്റർ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ. 683542

# ചിന്തിക്കുവാൻ പഠിക്കുക

**ഡേവിഡ് ജെ. ഷ്വാർട്ട്സ്**

വലിയ ആൾക്കാർ പൊതുവെ തിരക്കുളളവരാണ് എന്നൊരു ധാരണ നമുക്കുണ്ട്. അത് തികച്ചും ശരിയാണുതാനും. പക്ഷേ, എത്ര തിരക്കുണ്ടായാലും അവർ കുറച്ചു സമയം ഏകാന്തമായി ചെലവഴിക്കും. അത് അവരുടെ നിത്യജീവിതത്തിൻെറ ഭാഗമാണ്. മോശ, യേശുക്രിസ്തു തുടങ്ങിയവരുടെ ജീവിതം ഉദാഹരണമായെടുക്കാം. എന്തിനാണ് ഇവർ ഇങ്ങനെ ചെയ്യുന്നത്?

ഏതു മനുഷ്യനും കുറച്ചുസമയം തന്നോടുതന്നെ സംസാരിക്കണം. സ്വന്തം കുറ്റങ്ങളും കുറവുകളും കണ്ടുപിടിക്കാനും കൂടുതൽ നന്നായി പ്രവർത്തിക്കുവാനും അത് ആവശ്യമാണ്. ഏകാന്തമായി സമയം ചെലവഴിക്കുമ്പോൾ അവരുടെ മനസ്സ് കൂടുതൽ ഊർജ്ജസ്വലമാകും. വിജയം വരിച്ചിട്ടുള്ള എല്ലാ മനുഷ്യരും ഇങ്ങനെ ചെയ്യുന്നവരാണ്.

മറ്റുള്ളവരോട് ആവശ്യത്തിലും അധികം സംസാരിക്കുന്നവരുണ്ട്. പക്ഷേ, അവർ തങ്ങളോടുതന്നെ സംസാരിക്കാൻ മറന്നുപോകുന്നു. അവർ അല്പ സമയംപോലും ഏകരായിരിക്കാറില്ല. എപ്പോഴും മറ്റുള്ളവരുടെ മദ്ധ്യത്തിൽ ഇരിക്കാനാണ് ഇവർക്ക് താല്പര്യം. ഓഫീസിലോ, വീട്ടിലോ, പാർക്കിലോ എവിടെ ആയിരുന്നാലും അവർക്ക് മറ്റുളളവരുടെ സാമിപ്യം വേണം. ഇങ്ങനെയുള്ളവർക്ക് തങ്ങളോട് സംസാരിക്കാനോ സ്വയം തിരുത്താനോ കഴിയാറില്ല. മറ്റുള്ളവരുടെ കുറ്റവും കുറവും കണ്ടുപിടിക്കുന്നതിലാണ് അവർക്ക് താല്പര്യം.

ഏതെങ്കിലും കാരണത്താൽ ഇവർക്ക് ഏകരായി കഴിയേണ്ടി വന്നാലും അവർ മാനസികമായി ഏകരായിരിക്കില്ല. ടി.വി., പത്രം, പുസ്തകം, ഫോൺ തുടങ്ങിയ എന്തെങ്കിലും ഉപയോഗിച്ച് അവർ മാനസികമായ ഏകാന്തത ഒഴിവാക്കും. സ്വയം സംസാരിക്കുവാൻ അയാൾ തയ്യാറല്ല. അവർ തങ്ങളുടെ മനസ്സ് എപ്പോഴും ശൂന്യമാക്കി വെയ്ക്കും. അയാൾ സ്വന്തം ചിന്തകളെ ഭയപ്പെടുന്നു എന്നതാണ് സത്യം. അതു നിമിത്തം അയാൾ ചിന്ത പൂർണ്ണമായി ഒഴിവാക്കുകയും പല തരത്തിലുള്ള അബദ്ധങ്ങളിൽ ചെന്ന് ചാടുകയും ചെയ്യും. ഉറച്ച തീരുമാനങ്ങൾ എടു ക്കാൻ അയാൾക്ക് കഴിയുന്നതല്ല. തന്നിൽ കുടികൊള്ളുന്ന ശക്തി മനസ്സിലാക്കാനോ ഫലപ്രദമായി ഉപയോഗിക്കാനോ അയാൾക്ക് സാധിക്കുന്നുമില്ല.

ഓർക്കുക: ഉന്നതരായ വ്യക്തികളെല്ലാം തങ്ങളോടുതന്നെ സംസാ രിക്കാൻ സമയം കണ്ടെത്തുന്നു. വലിയവനാകാൻ ആഗ്രഹിക്കുന്നെങ്കിൽ നിങ്ങളും അങ്ങനെതന്നെ ചെയ്യുക.

ഒരു ടെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്ത എല്ലാവർക്കും ഞാൻ ഒരു നിർദ്ദേശം കൊടുത്തു. അടുത്ത രണ്ടാഴ്ചക്കാലം എല്ലാ ദിവസവും ഒരു മണിക്കൂർ ഏകരായിരിക്കുക. ഏകാന്തമായ ഒരു സ്ഥലത്ത് ചെന്നിരിക്കുകയോ ഒരു മുറിയിൽ അടച്ചിരിക്കയോ ആകാം. മനസ്സിൽ തോന്നുന്നതെന്തും ചിന്തിക്കുക. രണ്ടാഴ്ച കഴിഞ്ഞ് എന്തു വ്യത്യാസം ഉണ്ടാകുന്നു എന്ന് നോക്കുക. രണ്ടാഴ്ച കഴിഞ്ഞപ്പോൾ എല്ലാവർക്കും ഒന്നേ പറയാനുണ്ടായിരുന്നുള്ളു: ഈ പരീക്ഷണം വൻ വിജയമായിരുന്നു. അത് വളരെയധികം ഗുണം ചെയ്തു. തങ്ങളുടെ മുൻപിൽ ഉണ്ടായിരുന്ന പ്രശ്നങ്ങൾ വളരെയെളുപ്പം പരിഹരിക്കാൻ പലർക്കും കഴിഞ്ഞു. മാനസിക പിരിമുറുക്കം ഇല്ലാതാക്കാൻ ഈ പരീക്ഷണം സഹായകമായതായി എല്ലാവരും പറഞ്ഞു.

തങ്ങളേക്കുറിച്ചുതന്നെ കൂടുതൽ മനസ്സിലാക്കാൻ കഴിഞ്ഞു എന്നതാണ് മിക്കവർക്കും എടുത്തു പറയാൻ ഉണ്ടായിരുന്ന മറ്റൊരു നേട്ടം. തങ്ങളുടെ കഴിവുകളും കഴിവുകേടുകളും ബലവും ബലഹീനതയും അവർ കണ്ടു. ആവശ്യമായ പരിഹാരങ്ങൾ വരുത്താൻ ഇത് സഹായകമായി.

ഏറ്റവും അത്ഭുതകരമായി ഏവരും കണ്ടെത്തിയ വസ്തുത ഏകാന്തതയിൽ ഇരുന്ന് എടുത്ത താരുമാനം പൂർണ്ണമായും പ്രായോഗികവും ഫലപ്രദവുമായിരുന്നു എന്നതാണ്. സംശയത്തിൻെറ മൂടൽമഞ്ഞ് മാറിയതോടെ എല്ലാം വ്യക്തമായി കാണാനും ഉചിതമായ തീരുമാനങ്ങൾ എടുക്കാനും അവർക്ക് കഴിഞ്ഞു. അതുകൊണ്ട് വീണ്ടും പറയട്ടെ: ബുദ്ധിപൂർവ്വം ഉപയോഗിച്ചാൽ ഏകാന്തത നേട്ടങ്ങളുണ്ടാക്കും.

വളരെ കുഴഞ്ഞുമറിഞ്ഞ ഒരു പ്രശ്നത്തിന് പരിഹാരം കണ്ടെത്താനായി എൻെറ ഒരു സുഹൃത്ത് വളരെ പരിശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ ഒരു ദിവസം, തികച്ചും അപ്രതീക്ഷിതമായി, അദ്ദേഹം ആ പ്രശ്നം പരിഹരിച്ചു. അത് എങ്ങനെ സാധിച്ചു എന്ന് ഞാൻ അന്വേഷിച്ചു. അതിന് അദ്ദേഹം പറഞ്ഞ മറുപടി ഇതായിരുന്നു:

“ഒരു ദിവസം രാവിലെ ഞാൻ എഴുന്നേറ്റു. ഒരുകപ്പ് കാപ്പി ഉണ്ടാക്കി കുടിച്ചു. അതിനുശേഷം ഈ പ്രശ്നത്തേക്കുറിച്ച് വളരെ ആഴമായി ചിന്തിച്ചു. ഏതാനും മണിക്കൂറുകൾ അങ്ങനെ കടന്നുപോയി. ഒടുവിൽ ഞാൻ ഒരു പരിഹാരമാർഗ്ഗം കണ്ടുപിടിച്ചു. അത് പ്രാവർത്തികമാക്കുകയും ചെയ്തു. ഏകാന്തമായിരുന്ന് ചിന്തിച്ചിരുന്നെങ്കിൽ ആ പരിഹാരമാർഗ്ഗം പണ്ടേ കണ്ടെത്താൻ കഴിയുമായിരുന്നു”.

എല്ലാ ദിവസവും അര മണിക്കൂറെങ്കിലും ഏകനായിരിക്കുക. പ്രഭാതത്തിൽ, മറ്റുള്ളവർ എഴുന്നേൽക്കുന്നതിനു മുൻപുള്ള സമയമാണ് ഏറ്റവും നല്ലത്. അത് സാദ്ധ്യമല്ലെങ്കിൽ വൈകിട്ട്, മറ്റുള്ളവരെല്ലാം ഉറങ്ങി ക്കഴിഞ്ഞുള്ള സമയം തിരഞ്ഞെടുക്കുക. മറ്റുള്ള ചിന്തകളെല്ലാം വെടിഞ്ഞ്, തികച്ചും ശാന്തനായി ഇരിക്കാൻ കഴിയുന്ന സമയമേതോ അത് തിര ഞ്ഞെടുക്കുക.

ഏകാന്തതയിൽ പ്രധാനമായി രണ്ടു തരത്തിലുള്ള ചിന്തകൾ ഉണ്ടാകാം: ക്രമീകൃതവും സ്വതന്ത്രവും. ഏതെങ്കിലും ഒരു പ്രശ്നത്തിന് പരിഹാരം കാണാനായി നടത്തുന്ന ചിന്തയാണ് ക്രമീകൃതചിന്ത. ഏകാ ന്തതയിൽ ഇരുന്ന് ചിന്തിച്ച് പ്രശ്നത്തിന്

(പേജ് – 7 ..................)

മൾട്ടി കളർ ഓഫ്സെറ്റ് പ്രിന്റിംഗ്

* പുസ്തകം, മാസിക, ന്യൂസ് ലറ്റർ, ബ്രോഷർ തുടങ്ങി എല്ലാവിധ അച്ചടി ജോലികളും കൃത്യമായും ഭംഗിയായും ചെയ്തു കൊടുക്കുന്നു
* എഡിറ്റിംഗ്, പ്രൂഫ് റീഡിംഗ് തുടങ്ങിയവയും ചെയ്യുന്നു
* വിദേശത്തുള്ളവർക്ക് പുസ്തകങ്ങളും മറ്റും പ്രിന്റ് ചെയ്ത് അയച്ചു കൊടുക്കുന്നു
* ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന

കൂടുതൽ വിവരങ്ങൾക്ക്:

പെരുമ്പാവൂർ പ്രിന്റേഴ്സ്

കെ.എസ്.ആർ.റ്റി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ: 9447414608
**Email: info@perumbavoornews.com**

# മതങ്ങൾ ഉണ്ടായതെങ്ങനെ?

മതങ്ങൾ ഉത്ഭവിച്ചതെങ്ങനെ? നിരവധി സിദ്ധാന്തങ്ങൾ നിലവിലുണ്ട്. ഇവയിലെല്ലാം കുറച്ചൊക്കെ സത്യവുമുണ്ട്. അവയെപ്പറ്റി ആദ്യമായി പഠിക്കാം.

1. ഭയത്തിൽ നിന്ന്

മനുഷ്യന് ജന്മസിദ്ധമായുള്ള ഭയത്തിൽ നിന്നാണ് മതങ്ങൾ ഉണ്ടായത് എന്നൊരു സിദ്ധാന്തമുണ്ട്. തന്റെ ശക്തിക്ക് അതീതമായി കണ്ടതിനെ മനുഷ്യൻ ഭയപ്പെട്ടു. ഇടിമിന്നൽ, കാറ്റ്, മഴ, തീയ് തുടങ്ങി രോഗങ്ങളും ഭൂകമ്പങ്ങളുമെല്ലാം മനുഷ്യനിൽ ഭയമുളവാക്കി. ഇവയൊക്കെ എങ്ങനെ ഉണ്ടാകുന്നു എന്ന് പ്രാചീനകാലത്ത് അറിവില്ലായിരുന്നു. ഇവയൊക്കെ ഏതോ അദൃശ്യ ശക്തികൾ ഉണ്ടാക്കുന്നതാണെന്ന് സ്വാഭാവികമായി ഊഹിച്ചു. ഈ ശക്തികൾ കോപിച്ചാൽ തങ്ങളുടെ നിലനിൽപ്പ് തന്നെ അപകടത്തിലാകുമെന്ന് മനുഷ്യൻ കരുതി. അവയെ പ്രീതിപ്പെടുത്തിയാൽ നിരവധി അനുഗ്രഹങ്ങൾ ലഭിക്കുമെന്നും ചിന്തിച്ചിരിക്കാം. അങ്ങനെ ഈ പ്രകൃതിശക്തികളെ പ്രീതിപ്പെടുത്തുവാനായി അവയ്ക്ക് യാഗം കഴിക്കുവാൻ ആരംഭിച്ചു. അവയെ പാടി സ്തുതിക്കുന്ന കീർത്തനങ്ങളും ചമച്ചു.

ഈ സിദ്ധാന്തം പൂർണ്ണമായി തെറ്റാണെന്നു പറയുക സാദ്ധ്യമല്ല. ഇടിമിന്നലിനെ ദേവന്മാരുടെ രാജാവായി ആര്യന്മാർ കണക്കാക്കിയിരുന്നു. വായു, അഗ്നി, സൂര്യൻ, ഉഷസ്, പർവ്വതം തുടങ്ങിയവയെല്ലാം ദൈവങ്ങളാണെന്ന് അവർ കരുതി. ഇവയെ സ്തുതിക്കുന്ന കീർത്തനങ്ങൾ എഴുതി. ഇവയ്ക്ക് യാഗങ്ങൾ അർപ്പിച്ചു. ആര്യമതം വലിയൊരളവ് ഇതൊക്കെയാണല്ലോ. ഇന്ത്യയിൽ മാത്രമല്ല, ലോകത്തിന്റെ പല ഭാഗങ്ങളിലും ഇത്തരം ആരാധനാ സമ്പ്രദായങ്ങൾ നിലനിന്നിരുന്നു. ഗ്രീസ് തന്നെ നല്ല ഉദാഹരണം.

2. പൈതൃകാരാധനയിൽ നിന്ന്

മരിച്ചുപോയവരെ ബഹുമാനത്തോടും ഭയത്തോടും കൂടി കാണുന്ന രീതി ലോകത്തിന്റെ മിക്ക സ്ഥലങ്ങളിലും നിലവിലുണ്ട്. ഇന്ത്യയിൽ ഇന്നും ഈ രീതിക്ക് മാറ്റം വന്നിട്ടില്ലല്ലോ. ഇത് മതത്തിന്റെ ഉത്ഭവത്തിനു കാരണമായി എന്നൊരു സിദ്ധാന്തമുണ്ട്. ഇതും തള്ളിക്കളയാനാവില്ല.

ലോകമതങ്ങളിൽ ഉള്ള ദൈവങ്ങളിൽ ചിലരെങ്കിലും പ്രാചീനകാലത്തുണ്ടായിരുന്ന മനുഷ്യരാണ്. തങ്ങളുടെ പിതാക്കന്മാരെ സംസ്കരിച്ച സ്ഥലത്തോ, അവരുടെ അസ്ഥികൾ അടക്കം ചെയ്തിരിക്കുന്ന ഇടങ്ങളിലോ വിളക്ക് വയ്ക്കുന്ന രീതി ഇക്കാലത്തു പോലും നിലവിലുണ്ടല്ലോ. പിതാക്കന്മാരോട് പ്രാർത്ഥിക്കുന്നതും അസാധാരണമല്ല. ഇങ്ങനെയുള്ള ആരാധന വളർന്ന് മതമായിത്തീർന്നു എന്നാണ് ഈ സിദ്ധാന്തം പറയുന്നത്. മതങ്ങളുടെ ഉത്ഭവം പൂർണ്ണമായി ഈ വിധത്തിലാണെന്ന് പറയാനാവില്ലെങ്കിലും പല ദൈവങ്ങളും ഈ വിധത്തിൽ ഉണ്ടായതാണെന്നു സമ്മതിച്ചേ മതിയാകൂ.

3. വീരാരാധനയിൽ നിന്ന്

വീരാരാധന കാലക്രമത്തിൽ മതമായി എന്നാണ് ഈ സിദ്ധാന്തം പറയുന്നത്. വീരന്മാരെ ആരാധിക്കുക സ്വാഭാവികമാണല്ലോ. അതിബലവാന്മാരായ വ്യക്തികൾ, കലാ സാഹിത്യാദികളിൽ കഴിവുള്ളവർ, ശക്തരായ ഭരണകർത്താക്കൾ തുടങ്ങിയവരെ ആരാധനാഭാവത്തിൽ വീക്ഷിക്കുന്ന രീതി ലോകമെമ്പാടും നിലവിലുണ്ട്. ബ്രൂസ്‌ലി തന്നെ നല്ല ഉദാഹരണം. അദ്ദേഹം എന്തോ അമാനുഷ പ്രഭാവമുള്ള വ്യക്തിയായിരുന്നു എന്ന് കരുതുന്നവർ നിരവധി. ബ്രൂസ്‌ലി ചെയ്തതും ചെയ്യാത്തതുമായ എന്തെല്ലാം വീരകൃത്യങ്ങൾ അദ്ദേഹത്തിന്റെ പേരിൽ പ്രചരിച്ചു വരുന്നു. വീരാരാധനയ്ക്കു പേരുകേട്ട തമിഴ്നാട്ടിൽ സിനിമാതാരങ്ങൾ ദൈവങ്ങളായി മാറുന്നു.

ഉന്നതമായ സ്വഭാവ വൈശിഷ്ട്യങ്ങളുള്ള വ്യക്തികളെ ദൈവമാക്കുന്നതും ഇതിന്റെ മറ്റൊരു പതിപ്പാണ്. ബുദ്ധനും ജൈനനും മറ്റും ദൈവമായത് ഈ വിധത്തിലാണ്. നാരായണ ഗുരുവിനെ ദൈവത്തെപ്പോലെ ആരാധിക്കുന്നവരെ കണ്ടെത്താൻ പ്രയാസമില്ല. ചില നൂറ്റാണ്ടുകൾക്കു മുമ്പ് ജീവിച്ചിരുന്നെങ്കിൽ ഗാന്ധിജിയും ദൈവമാകുമായിരുന്നു. ഇങ്ങനെ, ദൈവമായി ഉയർത്തപ്പെടുന്ന മനുഷ്യരെ ചുറ്റിപ്പറ്റി നിരവധി കഥകൾ ഉണ്ടാകും. തലമുറകൾ കൈമാറുമ്പോൾ ഈ കഥകൾ ചരിത്ര സംഭവങ്ങളായി പരിഗണിക്കപ്പെടുകയും ചെയ്യും. ചില ദൈവങ്ങളെപ്പറ്റി പറഞ്ഞുകേൾക്കുന്ന കഥകൾ ഇങ്ങനെ ഉണ്ടായതാണ്. ആകയാൽ ലോകമതങ്ങളുടെ ഉത്ഭവം വീരാരാധനയിൽ നിന്നാണെന്ന സിദ്ധാന്തം പൂർണ്ണമായി തള്ളിക്കളയാനാവില്ല.

4. ചൂഷകരുടെ സൃഷ്ടി

മതം ചൂഷകരുടെ സൃഷ്ടിയാണെന്ന നിലപാടാണ് കമ്മ്യൂണിസത്തിലുള്ളത്. പണം, പ്രതാപം, ബുദ്ധി, ശക്തി തുടങ്ങിയവയിൽ ഉയർന്ന നിലയിൽ നിന്നിരുന്നവർ, തങ്ങളുടെ കീഴിലുള്ളവരെ ഒതുക്കുവാനായി ഉണ്ടാക്കിയ നിരവധി തന്ത്രങ്ങളിൽ ഒന്നു മാത്രമാണ് മതം എന്ന് ഈ സിദ്ധാന്തം പറയുന്നു. ''ദൈവകോപം'' എന്ന ആയുധം ഉപയോഗിച്ച് ചൂഷകർ സാധാരണക്കാരെ വഞ്ചിച്ചു. ലോകം ദൈവങ്ങളുടെ കൈയിലാണ്. ആ ദൈവങ്ങൾ ഞങ്ങളുടെ കൈയിലുമാണ്. ആകയാൽ ഞങ്ങൾ പറയുന്നത് അനുസരിച്ചു കൊള്ളുക. ഇതായിരുന്നു പുരോഹിതവർഗ്ഗത്തിന്റെ നിലപാട്. മതം മനുഷ്യനെ മയക്കുന്ന കറുപ്പായത് ഈ വിധത്തിലാണ്.

കമ്മ്യൂണിസം നിലവിൽ വന്ന കാലത്ത് പുരോഹിതവർഗ്ഗം നടത്തിയിരുന്ന ചൂഷണം അതിഭീകരമായിരുന്നു. എല്ലാ കാലത്തും ഇത് ഇങ്ങനെയൊക്കെത്തന്നെ ആയിരുന്നു എന്നും പറയാം. ഇക്കാലത്ത് വലിയ മാറ്റം വന്നിട്ടുണ്ടെന്നു പറയാമോ? സംശയമാണ്. ദൈവകോപമുണ്ടാകും എന്ന ഭയം മൂലം മത നേതാക്കന്മാരെ എതിർത്ത് ഒരു വാക്കു പറയാൻ ധൈര്യപ്പെടാത്തവര ല്ലേ ഭൂരിപക്ഷവും? ഇങ്ങനെ മതം ചൂഷണത്തിന്റെ പ്രധാന ഉപാധിയായി. ചൂഷക വർഗ്ഗം ഉണ്ടാക്കിയതാണ് മതം എന്ന് തീർത്തു പറയാനാവില്ലെങ്കിലും മതത്തെ ദുരുപയോഗം ചെയ്തത് ചൂഷകരാണ് എന്നത് സത്യം തന്നെ.

മതങ്ങളുടെ ഉത്ഭവത്തെപ്പറ്റി മറ്റു നിരവധി സിദ്ധാന്തങ്ങൾ നിലവിലുണ്ട്. സ്ഥലപരിമിതി മൂലം അവ വിവരിക്കാതെ വിടുകയാണ്. പുതിയ സിദ്ധാന്തങ്ങൾ ഇനിയും ഉണ്ടായെന്നും വരാം. എങ്കിലും നാം ചിന്തിച്ചു വരുന്ന വിഷയവുമായി ബന്ധപ്പെട്ട് ഇത്രയും പറയേണ്ടത് ആവശ്യമായതുകൊണ്ട് ഇതേപ്പറ്റി ചുരുക്കി പ്രസ്താവിച്ചു എന്നു മാത്രം. എന്നാൽ ഈ സിദ്ധാന്തങ്ങളിൽ ഉൾപ്പെടാത്ത മറ്റൊരു വസ്തുത കൂടി പറയാതെ ഈ അദ്ധ്യായം അവസാനിപ്പിക്കുവാൻ സാദ്ധ്യമല്ല.

ബാബിലോണ്യ ബന്ധം

മതത്തിന് ബാബിലോണുമായുള്ള ബന്ധം അവഗണിച്ചുകൊണ്ട് മുമ്പോട്ടു പോകുക സാദ്ധ്യമല്ല. പ്രാചീന മതങ്ങളിൽ ഭൂരിപക്ഷവും ബാബിലോണുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നത് ഒരു വസ്തുതയാണ്. ഹാരപ്പൻ മതം, ആര്യമതം, ഈജിപ്ഷ്യൻ മതം, സുമേറിയൻ മതം തുടങ്ങിയവയൊക്കെ നല്ല ഉദാഹരണമാണ്.

മതങ്ങൾക്ക് എപ്രകാരമാണ് ഇത്തരത്തിലൊരു ബന്ധമുണ്ടായത്? അതിന്റെ ഉത്തരം ദൈവവചനമായ ബൈബിളിലുണ്ട്. നോഹയുടെ കാലത്തെ ജലപ്രളയത്തിനു ശേഷം ജനം വർദ്ധിച്ചു പെരുകി. ''നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവിൻ'' എന്ന് ദൈവം നോഹയോടു കല്പിച്ചിരുന്നു. മാത്രമല്ല, ഇനി ലോകത്തെ ദൈവം ജലപ്രളയത്താൽ നശിപ്പിക്കയില്ലെന്ന് വാക്കും കൊടുത്തു. ദൈവകല്പന ലംഘിക്കുക, ദൈവീക വാഗ്ദത്തങ്ങളിൽ വിശ്വസിക്കാതിരിക്കുക തുടങ്ങിയവ സാത്താന് ഏറ്റവും ഹിതകരമായ കാര്യങ്ങളാണ്. ഇവിടെ സംഭവിച്ചതും അതുതന്നെ.

ബലവാനും നായാട്ടു വീരനുമായ നിമ്രോദിൽ സാത്താൻ കടന്നു. ദൈവത്തിനെതിരായി മത്സരിക്കുവാൻ ജനത്തെ വശീകരിച്ചത് ഇവനാണ്. അക്കാലത്ത് ഭൂമി ഇന്നത്തെപ്പോലെ ഭൂഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരുന്നില്ല. ''ആകാശത്തിൻ കീഴുള്ള വെള്ളം ഒരു സ്ഥലത്തു കൂടട്ടെ, ഉണങ്ങിയ നിലം കാണട്ടെ'' എന്നാണല്ലോ ദൈവം കല്പിച്ചത്. അതനുസരിച്ച് വെള്ളം ഒരു സ്ഥലത്തു കൂടുകയും, ഉണങ്ങിയ നിലം, അതായത് കരഭാഗം ഉണ്ടാകുകയും ചെയ്തു. നോഹയുടെ ജലപ്രളയകാലത്തും ഇതുതന്നെ ആയിരുന്നു നില. ഇങ്ങനെ ഭൂമി കരഭാഗം മുഴുവൻ ഒന്നായിക്കിടന്ന കാലത്താണ് ബാബേൽ ഗോപുരം നിർമ്മിക്കുവാനുള്ള ശ്രമമുണ്ടായത്.

ഒരു കോട്ടയും ഗോപുരവും ഉണ്ടാക്കുന്നത് പാപമല്ല. അങ്ങനെയെങ്കിൽ ദൈവം എന്തുകൊണ്ടാണ് ബാബേൽ ഗോപുരത്തിന്റെ പണി തടഞ്ഞത്. അതിന്റെ പിന്നിൽ മറഞ്ഞിരിക്കുന്ന ദൈവസ്നേഹം നാം കാണാതെ പോകരുത്. സാത്താൻ ഒരു ദൈവദൂതനായിരുന്നു. അവൻ ദൈവത്തെപ്പോലെ സർവ്വവ്യാപിയല്ല. ലോകമെമ്പാടുമുള്ള കാര്യങ്ങൾ നിയന്ത്രിക്കുവാൻ സാത്താന് വളരെ യാത്ര ചെയ്തേ മതിയാകൂ. മനുഷ്യർ ലോകമെമ്പാടും ചിതറി പാർത്താൽ സാത്താന്റെ പ്രവർത്തനവും മനുഷ്യന്റെ മേലുള്ള സ്വാധീനവും പരമാവധി കുറയ്ക്കുവാൻ കഴിയും. ഇക്കാരണത്താലത്രേ ''ഭൂമിയിൽ നിറയുവിൻ'' എന്നു ദൈവം കല്പിച്ചത്. എന്നാൽ തന്റെ ജോലി കഠിനമാക്കുന്ന ഈ ദൈവീക പദ്ധതി തടയണമെന്ന് സാത്താൻ തീരുമാനിച്ചു. അതിന്റെ ഭാഗമായാണ് എല്ലാ മനുഷ്യരെയും ഒരേ സ്ഥലത്ത് തളച്ചിടുവാനായി കോട്ട പണിതത്.

ഒരു ഗോപുരം ഉണ്ടാക്കുവാനുള്ള പദ്ധതിയും അവൻ ഉണ്ടാക്കി. ഗോപുരം പണിയുന്നത് പാപമല്ല. പക്ഷേ, ബാബേൽ ഗോപുരം പണിതത് മറ്റൊരു ഉദ്ദേശ്യത്തോടെ ആയിരുന്നു. മറ്റൊരു ജലപ്രളയം ഉണ്ടാക്കുകയില്ലെന്ന് ദൈവം വാക്ക് പറഞ്ഞിരുന്നെങ്കിലും ദൈവത്തെ വിശ്വസിക്കുവാൻ, സാത്താന്യ പ്രേരണയാൽ മനുഷ്യന് കഴിഞ്ഞില്ല. ദൈവം വാക്ക് മാറുമെന്നും, വീണ്ടും ജലപ്രളയം അയയ്ക്കുമെന്നും അവർ കരുതി. അപ്രകാരം ഒരു പ്രളയമുണ്ടായാൽ അതിൽ നിന്നും രക്ഷപ്പെടുവാൻ ഗോപുരം സഹായകരമാകും എന്നായിരുന്നു കണക്കുകൂട്ടൽ. ഗോപുരത്തെ മുക്കുവാൻ തക്ക പ്രളയം ഉണ്ടാക്കുവാൻ ദൈവത്തിന് കഴിയുമെന്ന സത്യം അവർ ഗ്രഹിച്ചില്ല. മാത്രമല്ല, ഗോപുരം ഇടിച്ചുകളയുവാൻ ദൈവത്തിന് കഴിയുമെന്നും അവർ ചിന്തിച്ചില്ല. സാത്താന്യ പ്രേരണയാൽ ഇപ്രകാരം തെറ്റിൽ നിന്നും തെറ്റിലേക്ക് അവർ നീങ്ങി.

മനുഷ്യനന്മയ്ക്കായി ഗോപുരം പണിയുന്നു എന്നൊരു ധാരണ സാത്താൻ ഉണ്ടാക്കിയെങ്കിലും അതായിരുന്നില്ല സത്യം. സാത്താന് മനുഷ്യവർഗ്ഗത്തെ വളരെയെളുപ്പം നിയന്ത്രണത്തിൽ നിർത്തുവാനുള്ള ഒരു ഉപാധിയെന്ന നിലയ്ക്കാണ് ഗോപുരം പണിതത്. ഭൂമിയിൽ ഊടാടി സഞ്ചരിച്ച് മനുഷ്യനെ ചതിച്ചിരുന്ന സാത്താന് ഗോപുരം ലഭിക്കുന്നതോടെ പണി എളുപ്പമാകും. ഗോപുരത്തിന്റെ മുകളിൽ തന്റെ സിംഹാസനം വച്ച് ഇരുന്നുകൊണ്ട് അവന് ലോകത്തെ നിയന്ത്രിക്കാം. മനുഷ്യരെല്ലാം താഴെയുള്ള കോട്ടയ്ക്കുള്ളിലാകയാൽ എല്ലാവരേയും നേരിൽ കണ്ട് നിയന്ത്രിക്കാം. അങ്ങനെ മനുഷ്യവർഗ്ഗം മുഴുവൻ സാത്താന്റെ നിയന്ത്രണത്തിലാകും. ഈ പദ്ധതിയാണ് ദൈവം തകർത്തത്. ദൈവം അങ്ങനെ ചെയ്തിരുന്നില്ലെങ്കിൽ എന്താകുമായിരുന്നു മനുഷ്യവർഗ്ഗത്തിന്റെ അവസ്ഥ എന്ന് ഊഹിക്കാവുന്നതാണ്.

ദൈവം മനുഷ്യന്റെ ഭാഷ കലക്കിക്കളഞ്ഞതോടെ കോട്ടയും ഗോപുരവും പണിയുന്ന പദ്ധതി അവർ ഉപേക്ഷിച്ചു. ഏറെ താമസിയാതെ മനുഷ്യൻ ലോകമെമ്പാടും ചിതറിപ്പോയി. അങ്ങനെ സാത്താന്റെ പദ്ധതി തകർന്നു. എന്നാൽ മനുഷ്യർ വീണ്ടും ഒന്നുചേരുവാൻ സാദ്ധ്യതയുണ്ടെന്നു മനസ്സിലാക്കിയ ദൈവം അതിനുള്ള വഴിയും അടച്ചു. ദൈവം ഭൂമിയെ ഭൂഖണ്ഡങ്ങളായി വിഭജിച്ചുകൊണ്ടാണ് അതു സാധിച്ചത്. നമ്മൾ ഉപയോഗിക്കുന്ന തർജ്ജമയിൽ ഈ വസ്തുത അത്ര വ്യക്തമല്ല. ഉല്പ. 10:25. ഇംഗ്ലീഷിലോ മലയാളത്തിലുള്ള മറ്റു തർജ്ജമകളിലോ പരിശോധിക്കുക. ''ഭൂമി വിഭജിക്കപ്പെട്ടു'' എന്ന് വളരെ വ്യക്തമായി അവിടെ രേഖപ്പെടുത്തിയിട്ടുണ്ട്.

ഭൂമിശാസ്ത്രവും ഈ സിദ്ധാന്തത്തെ ശരിവയ്ക്കുന്നു. ഭൂമി ആദ്യകാലത്ത് ഒറ്റ കഷണമായിരുന്നു എന്നും പിൽക്കാലത്ത് ഭൂഖണ്ഡങ്ങളായി പിരിഞ്ഞതാണെന്നും ജോഗ്രഫി പുസ്തകങ്ങളിൽ കാണാവുന്നതാണ്. ചില അറ്റ്ലസുകളുടെ ആദ്യ പേജുകളിൽത്തന്നെ ഭൂമി വിഭജിക്കപ്പെട്ട സംഭവം ചിത്രങ്ങളിലൂടെ വിവരിച്ചിരിക്കുന്നതും കാണാം. വേൾഡ് മാപ്പ് എടുത്ത് പരിശോധിച്ചാലും ഈ വസ്തുത മനസ്സിലാക്കാൻ കഴിയും. അമേരിക്കൻ വൻകര യൂറോപ്പിനോടും ആഫ്രിക്കയോടും എത്ര നന്നായി യോജിക്കുമെന്നു നോക്കൂ. ഇന്ത്യ ആഫ്രിക്കയുടെ ഭാഗമായിരുന്നു എന്നും, പിൽക്കാലത്ത് കടലിലൂടെ നിരങ്ങി വന്ന് ഏഷ്യയുമായി ചേരുകയാണുണ്ടായതെന്നും ഭൂമിശാസ്ത്രം പറയുന്നു. ഇങ്ങനെയുണ്ടായ കൂട്ടിയിടിയുടെ ഭാഗമായാണ് ഹിമാലയ പർവ്വതം ഉണ്ടായതെന്നും അനുമാനിക്കുന്നു. ഏതായാലും ഭൂമി ആദ്യകാലത്ത് ഒന്നായി കിടന്നിരുന്നെന്നും, പിൽക്കാലത്ത് വിഭജിക്കപ്പെട്ടെന്നും ദൈവവചനം പറയുന്നതിനെ ഭൂമിശാസ്ത്രം ശരിവയ്ക്കുന്നു എന്നതാണ് പ്രധാന വസ്തുത.

ലോകത്തുള്ള മനുഷ്യരെല്ലാം നോഹയുടെ മക്കളാണെന്ന് ബൈബിൾ വ്യക്തമാക്കുന്നു. മനുഷ്യവർഗ്ഗം ലോകമെമ്പാടും ചിതറിയത് ബാബിലോണിൽ നിന്നാണെന്നും വ്യക്തമാണ്. സംസ്കാരം, ഭാഷ, മതം തുടങ്ങിയവയിൽ കാണുന്ന സാമ്യം ഈ വിധത്തിൽ ഉണ്ടായതാണ്. ഈ വിധത്തിൽ പരിഗണിക്കുമ്പോൾ ലോകമതങ്ങളുടെ വേര് ബാബിലോണിലാണെന്നു കാണാവുന്നതാണ്. ഈ വിഷയം അല്പം വിശദമായി പഠിക്കേണ്ടതുണ്ട്.

ബാബേൽ ഗോപുരത്തിന്റെ പണി നിമ്രോദിന്റെ നേതൃത്വത്തിലാണ് നടന്നതെന്നു നാം കണ്ടുകഴിഞ്ഞല്ലോ. ഈ വിഷയത്തെപ്പറ്റി വിശദമായി പ്രതിപാദിക്കുന്ന നിരവധി ഗ്രന്ഥങ്ങൾ ലഭ്യമാണ്. Two Babylons എന്ന ഗ്രന്ഥം വളരെ പ്രയോജനം ചെയ്യും. ഈ ഗ്രന്ഥത്തെ ഉപജീവിച്ച് പാസ്റ്റർ കെ.ഇ. ഏബ്രഹാം എഴുതിയ ''മഹതിയാം ബാബിലോൺ'' എന്ന പുസ്തകം ഇംഗ്ലീഷ് അറിഞ്ഞുകൂടാത്തവർക്ക് സഹായകമാകും. നിമ്രോദിന്റെ കാലത്തെ സംഭവങ്ങൾ കൂടുതൽ വിശദമായി വിവരിക്കുന്ന നിരവധി പുസ്തകങ്ങൾ ലഭ്യമായതിനാൽ ഈ വിഷയം ഏറെയൊന്നും ഇവിടെ വിശദീകരിക്കുന്നില്ല.

നിമ്രോദ് ഭൂമിയിലെ ആദ്യത്തെ വീരനായിരുന്നു. വീരാരാധകരായ മനുഷ്യർ അവനെ ദൈവമായി കണക്കാക്കി. അവൻ പറയുന്നതെല്ലാം ചോദ്യം ചെയ്യാതെ അനുസരിക്കുവാൻ ആളുണ്ടായി. അവന്റെ ഭാര്യയായ സെമീറാസും ആരാധിക്കപ്പെട്ടു. ദൈവത്തിനു ലഭിക്കേണ്ട ആരാധന ഇപ്രകാരം നിമ്രോദിനും,

(പേജ് – 7 .........)

# മരിച്ചവരോടുള്ള പ്രാർത്ഥന

പൈതൃകാരാധനയിൽ നിന്നാണ് മതങ്ങളുടെ ഉത്ഭവം എന്നൊരു സിദ്ധാന്തമുണ്ട്. (മതങ്ങളുടെ ഉത്ഭവം എന്ന ലേഖനം വായിക്കുക). അതു ശരിയോ തെറ്റോ ആകട്ടെ, പക്ഷേ ലോകമതങ്ങളിൽ നല്ലൊരു പങ്ക് ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ പൈതൃകാരാധന നടത്തുന്നുണ്ടെന്നതു സത്യമാണ്. കത്തോലിക്കാ-ഓർത്തഡോക്സ് സഭാവിഭാഗങ്ങളിൽ നിലനിന്നിരുന്ന വിഗ്രഹ വണക്കവും വിശുദ്ധന്മാരോടുള്ള പ്രാർത്ഥനയും പൈതൃകാരാധനയുടെ മറ്റൊരു രൂപമാണ്. ദൈവവചനത്തിൽ യാതൊരടിസ്ഥാനവും ഈ ആചാരത്തിനനുകൂലമായി കണ്ടെത്താനാവില്ല. ആദ്യമായി, ഈ ദുരാചാരത്തിന് ബൈബിളിൽ ആധാരം തേടുന്നവർ ചൂണ്ടിക്കാട്ടുന്ന തെളിവുകൾ ഇവയാണ്:

1. ''പരിശുദ്ധർ ശരീരത്തോടിരിക്കുമ്പോൾ മാത്രമല്ല ജീവിക്കുന്നത്. ശരീരം വെടിഞ്ഞാലും അവർ ജീവിക്കും.''

ദൈവദാസന്മാരെ പരിശുദ്ധർ എന്നു വിളിക്കുന്നതു തന്നെ തെറ്റാണെന്ന് ആദ്യമേ ചൂണ്ടിക്കാണിക്കട്ടെ. (ഈ വിഷയം പിന്നാലെ വിശദമാക്കാം). ദൈവദാസന്മാർ മാത്രമല്ല ദുഷ്ടന്മാരും ശരീരം വെടിഞ്ഞ ശേഷം ജീവിക്കുന്നുണ്ടെന്ന് ധനവാന്റെയും ലാസറിന്റെയും കഥ തെളിയിക്കുന്നു. വിശുദ്ധന്മാർ മരണശേഷം ജീവിക്കുന്നു എന്നത് എടുത്തുപറയുന്നത്, അവർക്കെന്തോ പ്രത്യേകതയുണ്ടെന്ന് തെറ്റിദ്ധരിപ്പിക്കുവാനാണ്. സത്യത്തിൽ എല്ലാ മനുഷ്യരും മരണശേഷവും ജീവിക്കുന്നു. മരണശേഷം ജീവിക്കുന്നു എന്ന ഒറ്റക്കാരണത്താൽ വിശുദ്ധന്മാരോട് പ്രാർത്ഥിക്കാമെങ്കിൽ മറ്റു മനുഷ്യരോടും പ്രാർത്ഥിക്കാമെന്നു സമ്മതിക്കേണ്ടി വരും.

2. ''ധനവാൻ തന്റെ സഹോദരന്മാർക്കു വേണ്ടി പ്രാർത്ഥിച്ചു. അതുകൊണ്ട് മരിച്ചവരും പ്രാർത്ഥിക്കും.''

ധനവാൻ പ്രാർത്ഥിച്ചെന്നതു ശരി തന്നെ. പക്ഷേ, അവന്റെ പ്രാർത്ഥന കൊണ്ടെന്തു ഫലമാണുണ്ടായതെന്നു കൂടി പറഞ്ഞാൽ കൊള്ളാം. കൂടാതെ ധനവാൻ പ്രാർത്ഥിച്ചത് സ്വന്ത ഇഷ്ടപ്രകാരമാണ്. അവന്റെ സഹോദരന്മാർ ഭൂമിയിലിരുന്ന് ''ഞങ്ങൾക്കായി പ്രാർത്ഥിക്കേണമേ'' എന്ന് അപേക്ഷിച്ചതു കേട്ട് പ്രാർത്ഥിച്ചതല്ല. തമ്മിൽ ബന്ധമില്ലാത്ത കാര്യങ്ങളെ കൂട്ടിക്കുഴയ്ക്കുകയാണിവിടെ.

3. ''നമ്മുടെ വാങ്ങിപ്പോയ പരിശുദ്ധ പിതാക്കന്മാർ നമ്മെ വിസ്മരിക്കുമെന്ന് ഒരിക്കലും ചിന്തിക്കുവാൻ സാധിക്കുന്നതല്ല.''

ശരിയാണ്. മരണശേഷം ഓർമ്മ വർദ്ധിക്കുന്നതേയുള്ളൂ. ''നീ... ഓർക്ക'' എന്ന് അബ്രഹാം പറയുന്നു. പക്ഷേ ഭൂമിയിലിരുന്നു മനുഷ്യർ പ്രാർത്ഥിക്കുന്നതൊക്കെ സ്വർഗ്ഗത്തിലിരുന്ന് വിശുദ്ധന്മാർ കേൾക്കുമെന്നും അതിനനുസരിച്ച് പിതാവിനോട് പ്രാർത്ഥിക്കുമെന്നും പറയാൻ ബൈബിളിൽ ആധാരമുണ്ടോ?

4. ''ഏലീശയുടെ അസ്ഥിയിൽ തൊട്ടവൻ ജീവിച്ചു. അത് വിശുദ്ധന്മാരുടെ തിരുശേഷിപ്പിനു ശക്തിയുണ്ടെന്നു തെളിയിക്കുന്നു.''

ഏലിയാവിന്റെ ഇരട്ടി ശക്തിയുമായി ശുശ്രൂഷ ആരംഭിച്ച ഏലീശ, ഏലിയാവ് ചെയ്തതിന്റെ ഇരട്ടി അത്ഭുതങ്ങൾ ചെയ്തു. മരിച്ചവൻ അസ്ഥിയിൽ തൊട്ടപ്പോൾ ജീവിച്ചതാണ് അവസാനത്തെ അത്ഭുതം. അതു നടന്നിരുന്നില്ലെങ്കിൽ ഇരട്ടി തികയുവാൻ ഒരത്ഭുതത്തിന്റെ കുറവുണ്ടാകുമായിരുന്നു. ഈ സംഭവം ഒരു rule അല്ല, exception ആണ്. അഥവാ, സകല വിശുദ്ധന്മാരുടെയും തിരുശേഷിപ്പിന് ശക്തിയുണ്ടെന്നതിനു തെളിവാണീ സംഭവമെങ്കിൽ:

a. ഇന്ന് തിരുശേഷിപ്പ് തൊടുന്നവർ ജീവിക്കാത്തതെന്തേ?
b. മറ്റു ദൈവദാസന്മാരുടെ ആരുടെയും അസ്ഥി തൊട്ട് ചത്തവൻ ജീവിക്കാതിരുന്നതെന്തുകൊണ്ട്?
c. എലിശായുടെ അസ്ഥി പിന്നീട് അത്ഭുതമൊന്നും പ്രവർത്തിക്കാതിരുന്നതെന്തുകൊണ്ട്?

5. ''ഏലിയാവിൽ നിന്നും വീണ പുതപ്പു കൊണ്ട് ഏലീശ യോർദ്ദാൻ വിഭജിച്ചു.''

ശരി തന്നെ. പക്ഷെ ഇതും ഒരു exception മാത്രമാണ്. ഈ പുതപ്പു കൊണ്ട് എലിശ പിന്നീട് അത്ഭുതമൊന്നും ചെയ്തില്ല. പുതപ്പ് തിരുശേഷിപ്പ് ആണെന്നും പറഞ്ഞുകൊണ്ട് നടന്നില്ല.

6. ''പൗലോസിന്റെ റൂമാലും ഉത്തരീയവും രോഗസൗഖ്യത്തിനും മറ്റും കാരണമായി.''

ഇതും നടന്നതു തന്നെ. പക്ഷേ, ആരും ഇതൊരു ബിസിനസ്സായി കൊണ്ടുനടന്നില്ല. പൗലോസിന്റെ വസ്ത്രങ്ങൾ എക്കാലത്തും ഇത്തരം അത്ഭുതങ്ങൾ നടത്തിയുമില്ല. പൗലോസ് മരിച്ച ശേഷം അവന്റെ തിരുശേഷിപ്പ് അത്ഭുതം നടത്തിയോ എന്നും ചിന്തിക്കുക. ഇന്നത്തെ തിരുശേഷിപ്പ് വ്യവസായവുമായി ഈ സംഭവത്തിനു ബന്ധമൊന്നുമില്ല.

7. ''പത്രോസിന്റെ നിഴൽ തട്ടിയവർ സൗഖ്യമായി''

പത്രോസ്, പൗലോസ് തുടങ്ങിയവരിലൂടെ ദൈവം അസാധാരണ വീര്യപ്രവൃത്തികൾ ചെയ്തു എന്നതു ശരി തന്നെ. പക്ഷേ ഇവരാരും മരിച്ചശേഷം സ്വർഗ്ഗത്തിലിരുന്നുകൊണ്ട് വീര്യപ്രവൃത്തി നടത്തിയില്ല. ജീവനോടെയിരുന്ന ദൈവദാസന്മാരിലൂടെ ദൈവം അന്നും ഇന്നും അത്ഭുതം പ്രവർത്തിക്കുന്നു. മരിച്ചവർ അത്ഭുതം പ്രവർത്തിക്കുന്നതുമായി ഇതിനു ബന്ധമില്ല.

8. യേശു, തന്റെ അമ്മയായ മറിയത്തിന്റെ അപേക്ഷ കേട്ട് കാനാവിൽ അത്ഭുതം പ്രവർത്തിച്ചു.''

ശരിയാണ്. അന്നു മാത്രമല്ല ഇന്നും ദൈവം തന്റെ ദാസന്മാരുടെയും ദാസിമാരുടെയും അപേക്ഷ കേട്ട് അത്ഭുതം പ്രവർത്തിക്കുന്നു. പക്ഷേ കാനാവിൽ അപേക്ഷ കഴിച്ചത് മരിച്ചുപോയ മറിയമല്ല, ജീവനുള്ള മറിയമായിരുന്നു. മരിച്ചശേഷം മറിയം മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിച്ചതായി ബൈബിൾ പറയുന്നില്ല. രിച്ചവരോടുള്ള പ്രാർത്ഥന ശരിയാണെന്നു വരുത്തിത്തീർക്കുവാൻ പെടാപ്പാട് പെടുകയാണ് പള്ളിമതം. പക്ഷേ ദൈവവചനം മുഴുവൻ പരിശോധിച്ചാലും ഈ ദുരാചാരത്തിനു തെളിവ് ലഭിക്കില്ല. ദൈവവചനത്തിൽ വേണ്ടത്ര പരിജ്ഞാനമില്ലാത്തവരെ കബളിപ്പിക്കാൻ കഴിയുമെന്നല്ലാതെ ഇത്തരം മുടന്തൻ ന്യായങ്ങൾ കൊണ്ട് പ്രയോജനമൊന്നുമില്ലതാനും. ബൈബിൾ പരിശോധിച്ചാൽ താഴെ പറയുന്ന വസ്തുതകൾ മനസ്സിലാക്കാനാവും.

1. വീണ്ടും ജനനം പ്രാപിച്ചവരെല്ലാം വിശുദ്ധന്മാരാണ്.
2. ഒരു മനുഷ്യനേയും പരിശുദ്ധൻ എന്നു വിളിച്ചിട്ടില്ല.
3. മരിച്ചവരോട് പ്രാർത്ഥിക്കുന്ന പരിപാടി ദൈവവചനത്തിലില്ല.
4. മരിച്ചവർ ഭൂമിയിലിരിക്കുന്നവരുടെ പ്രാർത്ഥന കേൾക്കുമെന്നും തെളിവില്ല.
5. വിഗ്രഹ വണക്കം സാത്താന്യമാണ്.
6. തിരുശേഷിപ്പ് വണങ്ങുന്നതും പൈശാചികമാണ്.
7. മറിയം നിത്യകന്യകയാണെന്ന വാദം ശരിയല്ല.
8. ചിലരെ വിശുദ്ധന്മാരോ പരിശുദ്ധന്മാരോ ആയി പ്രഖ്യാപിക്കുന്ന പരിപാടി ദൈവീകമല്ല.

<u>വിശുദ്ധന്മാർ ആര്?</u>

പുണ്യപ്രവൃത്തികൾ ചെയ്ത് ദൈവപ്രസാദം പ്രാപിച്ചവരാണ് വിശുദ്ധർ എന്നൊരു ധാരണയുണ്ട്. പക്ഷേ ദൈവവചനം എന്തു പറയുന്നുവെന്ന് മിക്കവരും ശ്രദ്ധിക്കുന്നില്ല. താഴെ പറയുന്ന വാക്യങ്ങൾ നോക്കൂ. റോമർ 1:7, 8:27; 15:26; 1കൊരി. 1:2; 6:1; 14:33; 2കൊരി. 1:1; 8:4; 9:12; 13:13; എഫെ. 1:1; 15 ഫിലി. 1:1; 1കൊലോ. 1:2,4,12; 1തിമോ. 3:13; 2തിമോ. 1:10; എബ്രാ. 6:10; 13:24; യൂദാ. 3:14.

ഇനി പറയൂ, ആരാണ് വിശുദ്ധൻ? രക്ഷിക്കപ്പെട്ടവരെല്ലാം വിശുദ്ധരാണ്. ഓരോ ക്രിസ്ത്യാനിയും വിശുദ്ധനാണ്. വിശുദ്ധനല്ലാത്തവൻ ക്രിസ്ത്യാനിയല്ല. സ്പെഷ്യൽ ഗ്രേഡ് വിശുദ്ധനും പരിശുദ്ധനും മറ്റും ദൈവവചനത്തിലുള്ളതല്ല.

ക്രിസ്ത്യാനികളെല്ലാം വിശുദ്ധരാണെന്നു പറഞ്ഞാൽ പലർക്കും അതംഗീകരിക്കുവാൻ ബുദ്ധിമുട്ടാകുമെന്നറിയാം. ക്രിസ്തീയ കുടുംബത്തിൽ ജനിച്ചതുകൊണ്ട് ക്രിസ്ത്യാനിയായി എന്നതിൽ കവിഞ്ഞൊന്നും മിക്കവർക്കും പറയാനില്ലല്ലോ. വീണ്ടും ജനനം പ്രാപിക്കാത്തവർ ക്രിസ്ത്യാനികളല്ല, പള്ളിമതത്തിലെ അംഗങ്ങളാണ്. യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി അംഗീകരിക്കയും അവന്റെ രക്തത്താലുള്ള പാപമോചനം വിശ്വാസത്താൽ പ്രാപിക്കുകയും ചെയ്തവനാണ് ക്രിസ്ത്യാനി. ഇങ്ങനെയുള്ള ക്രിസ്ത്യാനി വിശുദ്ധനാണ് (പരിശുദ്ധനല്ല).

വീണ്ടും ജനിക്കുക, രക്ഷാനിർണ്ണയം പ്രാപിക്കുക എന്നൊക്കെ പറഞ്ഞാൽ എന്താണെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. പള്ളിമതത്തിലെ പുരോഹിതന്മാർക്കും വീണ്ടും ജനനാനുഭവമില്ല. അതു കൊണ്ടത്രേ പുണ്യവാളന്മാരെ സൃഷ്ടിക്കുവാൻ നെട്ടോട്ട മോടുന്നത്.

(അടുത്ത ലക്കത്തിൽ തുടരും)

## ഡ്രൈവിംഗ് ലൈസൻസ് ലഭിക്കാൻ

ഡ്രൈവിംഗ് ലൈസൻസില്ലാതെ വാഹനമോടിക്കുന്നത് കുറ്റമാണ്. ശിക്ഷാർഹമാണ്. ലൈസൻസില്ലാതെ വാഹനമോടിച്ചാൽ പിഴയായി 1000 രൂപ വരെ അടയ്ക്കേണ്ടി വരും. വഴിയാത്രക്കാരോ, മറ്റു വാഹനങ്ങളോ ഉൾപ്പെടുന്ന ഒരപകടത്തിൽ പെട്ടാൽ ലൈസൻസില്ലാതെ വാഹനമോടിച്ചയാൾ മാത്രമായിരിക്കും അതോടനുബന്ധിച്ചുള്ള നാശനഷ്ടങ്ങൾക്ക് ഉത്തരവാദി.

ഒരു ഡ്രൈവിംഗ് ലൈസൻസ് ലഭിക്കാൻ എന്തെല്ലാമാണ് ചെയ്യേണ്ടതെന്ന് പറയാം. മോട്ടോർ സൈക്കിൾ (ഗിയറുള്ളത്), ലൈറ്റ് മോട്ടോർ വെഹിക്കിൾ (കാർ, ജീപ്പ് മുതലായ ചെറുവാഹനങ്ങൾ), മുച്ചക്ര വാഹനങ്ങൾ (പ്രൈവറ്റ്) ഇവ ഓടിക്കുന്നതിനുള്ള ലൈസൻസ് ലഭിക്കാൻ പ്രായം 18 വയസ്സ് തികഞ്ഞിരിക്കണം. (16 വയസ്സ് തികഞ്ഞിട്ടുള്ളവർക്കാണെങ്കിൽ 50 സി.സി.യിൽ താഴെയുള്ള വാഹനങ്ങൾ ഓടിക്കാനുള്ള ലൈസൻസ് ലഭിക്കും. ലേണേഴ്സിന് അപേക്ഷിക്കുന്ന സമയം അപേക്ഷകനോടൊപ്പം രക്ഷകർത്താവ് നേരിട്ടു വന്ന് അനുമതി ഒപ്പിട്ടു നൽകണം എന്നൊരു വ്യവസ്ഥയുമുണ്ട്.) ലേണേഴ്സ് ലൈസൻസിന് അപേക്ഷിക്കുമ്പോൾ അത്യാവശ്യം വേണ്ടുന്ന അപേക്ഷാ ഫോറങ്ങളും രേഖകളും

1. ഫോറം 2-ൽ ഉള്ള ലേണേഴ്സിനുള്ള അപേക്ഷ
2. ഫോറം 3-ൽ ലേണേഴ്സ് ലൈസൻസ് ഫോറം
3. ഫോറം 4-ൽ ഒരു മോട്ടോർ വാഹനം ഓടിക്കുന്നതിനുള്ള അപേക്ഷ
4. ഫോറം 1-ഉം 1A-യും (50 വയസ്സിനു മേൽ പ്രായമുള്ള ആൾ ഡോക്ടറുടെ സർട്ടിഫിക്കറ്റ് നൽകണം). സ്വയം ഒപ്പിട്ട മെഡിക്കൽ സത്യവാങ്മൂലം.
5. കണ്ണ് പരിശോധിച്ച ഫോട്ടോ പതിച്ച സർട്ടിഫിക്കറ്റ്. (നേത്രരോഗ വിദഗ്ദ്ധൻ നൽകുന്നത്)
6. പാസ്പോർട്ട് സൈസിലുള്ള ഫോട്ടോകൾ നിർദ്ദിഷ്ട ഫോറങ്ങളിൽ ഒട്ടിച്ചിരിക്കണം. കൂടാതെ 2 ഫോട്ടോകൾ അപേക്ഷയോടൊപ്പം കവറിൽ വച്ചിരിക്കണം.
7. അപേക്ഷകന്റെ സ്ഥിരമേൽവിലാസവും പ്രായവും തെളിയിക്കുന്ന രേഖകൾ ഒരു ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്തത്. (എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്, റേഷൻകാർഡ്, തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട് ഇവയിൽ ഏതെങ്കിലും).
8. നിർദ്ദിഷ്ട ഫീസ്: ഏതെങ്കിലും ഒരു വിഭാഗത്തിന് 120 രൂപ. പിന്നീടുള്ള ഓരോ വിഭാഗത്തിന് 80 രൂപ വീതം. ഉദാ: മോട്ടോർസൈക്കിൾ ലൈസൻസിന് 120 രൂപ. മോട്ടോർസൈക്കിൾ + ലൈറ്റ് വെഹിക്കിൾ = 200 രൂപ.

മേൽപ്പറഞ്ഞ രേഖകൾ ശരിയാക്കിയാൽ ലേണേഴ്സ് ടെസ്റ്റിന് വരാം. അവധി ദിവസങ്ങളല്ലാതെ വരുന്ന എല്ലാ ശനിയാഴ്ചകളിലും ലേണേഴ്സിനുള്ള പ്രവേശനപരീക്ഷ ഉണ്ടായിരിക്കുന്നതാണ്. രാവിലെ 8.30-ന് ടെസ്റ്റ് ആരംഭിക്കും. എഴുത്തുപരീക്ഷയാണ്. 20 ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ചോദ്യപേപ്പറാണുള്ളത്. കുറഞ്ഞത് 12 ഉത്തരങ്ങൾ ശരിയായി രേഖപ്പെടുത്തിയാൽ പരീക്ഷയിൽ ജയിക്കുകയും, ലേണേഴ്സ് ലൈസൻസിന് അർഹത നെടുകയും ചെയ്യും.

ഏറ്റവും കുറഞ്ഞത് 30 ദിവസം കഴിഞ്ഞേ ഡ്രൈവിംഗ് ടെസ്റ്റിനുള്ള അവസരം ലഭിക്കുകയുള്ളൂ. ഈ 30 ദിവസങ്ങളിൽ വേണ്ടിരീതിയിൽ പ്രായോഗിക പരിചയം നേടുകയാണ് വേണ്ടത്. പരിശീലന സമയത്ത് ഉപയോഗിക്കുന്ന വാഹനങ്ങളിൽ മുമ്പിലും പുറകിലും 'L' ബോർഡ് നിർബന്ധമാണ്. ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കാൻ പരിശീലിക്കുമ്പോൾ ലൈസൻസുള്ള ഒരാൾ അരികിൽ ഉണ്ടായിരിക്കണം. മോട്ടോർസൈക്കിളും മുച്ചക്രവാഹനവും ഓടിക്കേണ്ടുന്നയാൾ '8'-ന്റെ രൂപത്തിലുള്ള ട്രാക്കിൽ കൂടി അനായാസം വാഹനം ഓടിച്ചു കാണിക്കുകയും, പിന്നീട് തിരക്കുള്ള ഒരു റോഡിൽ കൂടിയും വാഹനം ഓടിച്ച് പ്രാവീണ്യം തെളിയിക്കണം. ലൈറ്റ് വാഹനങ്ങൾ ഓടിക്കേണ്ടുന്നവർ 'H' രൂപത്തിലുള്ള ഒരു ട്രാക്കിൽ കൂടി മുമ്പോട്ടും പുറകോട്ടും ഓടിക്കുകയും, പിന്നീട് തിരക്കുള്ള റോഡിൽക്കൂടി വാഹനമോടിച്ചും പ്രാഗത്ഭ്യം തെളിയിക്കണം.

ഓർക്കുക... ഒരു സാഹചര്യത്തിലും ഡ്രൈവിംഗ് ലൈസൻസില്ലാതെ വാഹനം ഓടിക്കരുത്.

**''വാഹനം സൂക്ഷിച്ച് ഓടിക്കുക. നമ്മുടെ ഉറ്റവരും ബന്ധുക്കളും മരിക്കാതിരിക്കട്ടെ.''**

വാഹനം ഏത് ആയിക്കൊള്ളട്ടെ, സുരക്ഷിതമായും ശ്രദ്ധയോടും കൂടി ഓടിക്കുക. ''ആദ്യം സുരക്ഷിതത്വം, പിന്നെ വേഗത.''

## ഒറിജിനലിനെ വെല്ലുന്ന ഡൂപ്ലിക്കേറ്റ്

ഒറിജിനലിനെ വെല്ലുന്ന ഡൂപ്ലിക്കേറ്റോ? അതെങ്ങനെ സാദ്ധ്യമാകും? സംശയം വേണ്ട. അത് തികച്ചും സാദ്ധ്യമാണ്. പെരുമ്പാവൂരിലെ ചാവിക്കടയിൽ നിർമ്മിക്കുന്ന ഡൂപ്ലിക്കേറ്റ് താക്കോലുകൾ ഒറിജിനൽ പോലെ കുറ്റമറ്റതാണ്. താക്കോൽ നഷ്ടപ്പെട്ടാലും പൂട്ടുകൾക്ക് താക്കോലുണ്ടാക്കും.

**ചാവിക്കട**

**ഫെഡറൽ ബാങ്കിന് എതിർവശം**

**പെരുമ്പാവൂർ. ഫോൺ: 9447149309**

**സമയം: 9 AM to 9 PM. ഞായറാഴ്ചയും പ്രവർത്തിക്കും**

# MRS. WHITE AND HER REVELATIONS

D.M. Canright

Mrs. E.G. White, wife of the late Elder White, leader of the Seventh-Day Adventists, claims to be divinely inspired as were the prophets of the Bible. This claim is accepted by the whole denomination. They defend her inspiration as earnestly as they do that of the Bible. Year after year, in their State and General Conferences, ironclad resolutions have been unanimously adopted, endorsing her revelations in the strongest manner.

Time and again I have seen these revelations adopted by a rising vote of the whole congregation, myself with them. The Visions of Mrs. E.G. White, a Manifestation of Spiritual Gifts according to the Scriptures, is a book of 144 pages published by them defending her inspiration.

They point to her and her visions as the sign and proof that they are the only true church [using Rev. 12:17 as their proof text]. Hence it can be seen that this is a vital subject with them.

In my debate with the Adventists at Healdsburg, California, Feb. 21-28, 1889, they affirmed this position: "The visions of Mrs. E. G. White are revelations from God."

Her writings are called "Testimonies." In Testimony No. 33, she makes this claim for her writings: "In ancient times God spoke to men by the mouth of prophets and apostles. In these days he speaks to them by the Testimonies of the Spirit" (p. 189).

Again: "It is hardly possible for men to offer a greater insult to God than to despise and reject the instrumentalities [her Testimonies] that he has appointed to lead these" (p. 208).

Notice that her "Testimonies" are to lead Godís people now. Of her, Smith says: "It comes to us as a divine message; it is a ray of light from the throne; it is instruction by the Holy Spirit." Replies to Elder Canright, p. 77.

In the Advent Review, July 2, 1889, are laid down these, "Rules: 1. We will not neglect the study of the Bible and the Testimonies."

This illustrates the place they assign her writings, viz., an appendix to the Bible. She occupies the same relation to her people that Mrs. Southcott did to hers, Ann Lee to the Shakers, and Joe Smith to the Mormons.

Among themselves they quote her as we do Paul. A text from her writings is an end of all controversy in doctrine and discipline. It is common to her they say that when they give up her visions they will give up the Bible too, and they often do.

Her visions, or "testimonies," as they are called, are so inseparably connected with the whole Seventh-Day Adventist doctrine that a person cannot consistently accept the one without accepting the other. Besides, they are so constantly urged upon their people in every possible way, that a person cannot long feel comfortable among them unless he, too accepts them. Any one who rejects or opposes them is branded as a rebel fighting against God.

Thus Mrs. White herself says: "If you lessen the confidence of Godís people in the testimonies he has sent them, you are rebelling against God as certainly as were Kora, Dathan and Abiram." Testimony No. 31

She claims that every line she writes, even in a private letter, is directly inspired by God, "the precious rays of light shining from the throne," p. 63.

Of her own words she says: "It is God, and not an erring mortal, that has spoken." Testimonies, Vol. III, p. 257.

She states over and over that those who doubt or oppose her are fighting against God, sinning against the Holy Ghost. Thus: "fighting the Spirit of God. Those ... who would break down our testimony, I saw, are not fighting against us, but against God," p. 360.

I could quote scores of passages like these.

These writings now embrace forty bound volumes. Thus they have another Bible, just the same as the Mormons have. They have to read our old Bible in the light of this new Bible. Any interpretation of the Bible found in these "testimonies" settles its meaning beyond further dispute. She says: "I took the precious Bible and surrounded it with the several testimonies to the church," Vol. 2, p. 605.

Exactly; and by the light of these testimonies, that old Bible must now be read. She continues: "God has, through the testimonies, simplified the great truths already given."

Yes, we must now take the Bible as thus simplified by her! Swedenborg, Mrs. Southcott, Ann Lee, Joseph Smith, and Mrs. White have each done the same thingóhad a new revelation, written inspired books, and started a new sect with a new religion.

There is not a doctrine nor a practice of the church, from the observance of the Sabbath to the washing of feet, upon which she has not written. That settles it. No further investigation can be made on any of these matters, only to gather evidence and construe everything to sustain it. How, then, can their ministers or people be free to think and investigate for themselves? They cannot, dare not, and do not.

